# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.74/PR/PIC/PHQ/17 Date : 06.04.2017

**ജിഷ്ണു പ്രണോയി കേസ് – ഒളിവിലുള്ള പ്രതികളെ കണ്ടെത്താൻ ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.യുടെ നേതൃത്വത്തിൽ പുതിയ ടീമിനെ നിയോഗിച്ചു**

ജിഷ്ണു പ്രണോയിയുടെ മരണവുമായി ബന്ധപ്പെട്ട് ഒളിവിൽപോയ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിന് ക്രൈംബ്രാഞ്ച് എ.ഡി.ജി.പി. നിതിൻ അഗർവാളിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു. ഈ ടീമിലേക്ക് ആവശ്യമായ മറ്റ് അംഗങ്ങളെ എ.ഡി.ജി.പി. നിയോഗിക്കും. നേരത്തെ ഇതിനായി രൂപീകരിച്ച എസ്.പി. അക്ബറിന്റെ ടീം എഡിജിപിയുടെ ടീമിനൊപ്പം ചേർന്ന് പ്രവർത്തിപ്പിക്കും. ഒളിവിൽപോയ പ്രതികളെ തെരഞ്ഞ് കണ്ടെത്തുന്നതിനു വേണ്ട സഹായങ്ങൾ നൽകാൻ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും ഡി.ജി.പി.മാർക്ക് സംസ്ഥാന പോലീസ് മേധാവി കത്തയച്ചു. പ്രതികളുടെ അറസ്റ്റിലേക്ക് നയിക്കുന്ന വിവരങ്ങൾ നൽകുന്നവർക്ക് ഒരു ലക്ഷം രൂപ പാരിതോഷികവും പ്രഖ്യാപിച്ചിട്ടുണ്ട്. ടീമംഗങ്ങൾക്ക് കേസന്വേഷണത്തിന്റെ ഭാഗമായി സംസ്ഥാന പോലീസ് മേധാവിയുടെ മുൻകൂർ അനുമതിയില്ലാതെതന്നെ ഇന്ത്യയിൽ എവിടെയും പോകുന്നതിനുള്ള സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. ഒളിവിൽ പോയവരെ പ്രഖ്യാപിത കുറ്റവാളികളായി പ്രഖ്യാപിച്ച് അവരുടെ സ്വത്ത് കണ്ടെത്തുന്നതിനുള്ള നടപടികൾ വേഗത്തിലാക്കും.

ഒളിവിൽ പോയ പ്രതികളെ ഏറ്റവും വേഗത്തിൽ അറസ്റ്റ് ചെയ്യുന്നതിന് പോലീസിന്റെ സർവ്വസന്നാഹങ്ങളും ഉപയോഗിച്ചുള്ള ശ്രമം നടത്താൻ നിർദേശം നല്കിയിട്ടുണ്ട്. ജിഷ്ണുവിനും കുടുംബത്തിനും നീതി ഉറപ്പാക്കുന്നതിന് സംസ്ഥാന പോലീസിന്റെ ഭാഗത്തുനിന്നുള്ള എല്ലാ നടപടികളും ഉണ്ടാകുമെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

************